**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **5673** **18.11.2019-** ൽ മറുപടിയ്ക്ക്

## വിശപ്പുരഹിത നഗരം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.എൻ.ഷംസീർ | കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി.) |

| | | |
|---|---|---|
| വിശപ്പുരഹിത നഗരം പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്നും പ്രസ്തുത പദ്ധതി സംസ്ഥാനത്ത് എവിടെയൊക്കെയാണ് നടപ്പിലാക്കുന്നതെന്നും വ്യക്തമാക്കാമോ; | | അപ്രതീക്ഷിത സന്ദർഭങ്ങളിൽ നഗരങ്ങളിലുള്ള . ആശുപത്രികളിൽ എത്തിച്ചേരുന്ന രോഗികൾ, കൂട്ടിരിപ്പുകാർ, സാമ്പത്തിക പരാധീനത കാരണം ഭക്ഷണം കഴിക്കാതെ വിശന്നിരിക്കുന്നവർ എന്നീ വിഭാഗങ്ങളിൽ ഉള്ളവർക്ക് ഒരു ദിവസം ഒരു നേരത്തെ ഭക്ഷണം സൗജന്യമായി നൽകണമെന്ന ലക്ഷ്യത്തോടെ കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആവിഷ്കരിച്ച് 2009 മുതൽ നടപ്പാക്കിവരുന്ന പദ്ധതിയാണിത്. പദ്ധതി മുടക്കം കൂടാതെ നടക്കുന്നതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ അതാത് സമയം ടെന്റർ വിളിച്ച് നടത്തിപ്പുകാരെ കണ്ടെത്തുകയും ഭക്ഷണത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി അതാത് ജില്ലയിലെ വയോമിത്രം കോർഡിനേറ്ററിനെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. സംസ്ഥാനത്ത് തിരുവനന്തപുരം ജില്ലയിലെ മെഡിക്കൽ കോളേജ്, എസ്.എ.റ്റി ആശുപത്രി, കൊല്ലം ജില്ലയിൽ ജില്ലാ ആശുപത്രി, വിക്ടോറിയ ആശുപത്രി, കോഴിക്കോട് ജില്ലയിലെ മെഡിക്കൽ കോളേജ്, |

| | | |
|---|---|---|
| | | ഗവൺമെന്റ് ജനറൽ ആശുപത്രി, മലപ്പുറം ജില്ലയിലെ ഗവണ്മെന്റ് താലൂക്ക് ആശുപത്രി, ജില്ലാ ഹോമിയോ ആശുപത്രി എന്നിവിടങ്ങളിലാണ് നിലവിൽ വിശപ്പുരഹിത നഗരം പദ്ധതി നടപ്പാക്കി വരുന്നത്. |

**സെക്ഷൻ ഓഫീസർ**